# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5415 — 01/07/2019 ൽ മറുപടിക്ക്

## ഖാദി ബോർഡിന്റെ തേൻ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. അബ്ദു റബ്ബ് | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന തേൻ സംഭരണ ഏജൻസിയായ ഖാദി ബോർഡ്, തേൻ സംഭരിക്കാത്തതിനെത്തുടർന്ന് വിപണി കണ്ടെത്താനാകാതെ തേനീച്ച കർഷകർ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള തേൻ സംസ്കരണ യൂണിറ്റുകളിൽ തേനീച്ച കർഷകരിൽ നിന്നും തേൻ സംഭരിക്കുന്നില്ല എന്നത് വസ്തുതാപരമായി ശരിയല്ല. സാധ്യതയുള്ള മുഴുവൻ ജില്ലകളിൽ നിന്നും തേൻ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുമുണ്ട്. |
| (ബി) ഖാദി ബോർഡിന്റെ തേൻ സംഭരണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ; | (ബി) തിരുവനന്തപുരം ബീഹെഡ്, പത്തനംതിട്ട ഇലന്തൂർ, എറണാകുളം നേര്യമംഗലം, പാലക്കാട് കളപ്പട്ടി, മലപ്പുറം നിലമ്പൂർ, കോഴിക്കോട് ബാലുശ്ശേരി എന്നിവിടങ്ങളിൽ. |
| (സി) കർഷകരുമായി ചർച്ച ചെയ്ത് തേൻ വില നിശ്ചയിക്കാനും സംഭരണം ഉറപ്പാക്കാനും ആവശ്യമായ നിർദ്ദേശം ബോർഡിന് നൽകുമോ എന്നറിയിക്കാമോ? | (സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിലവിൽ തേൻ വില നിശ്ചയിക്കുന്നത് ബോർഡ് തലത്തിൽ സ്ഥാപനങ്ങളുടേയും തേൻ ഉല്പാദന സംഘങ്ങളുടേയും പ്രതിനിധികളടങ്ങുന്ന യോഗത്തിലാണ്. 26/03/2018-ന് ചേർന്ന യോഗത്തിൽ തീരുമാനിച്ച വിലയാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ